## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1342

03.12.15 ൽ - മറുപടിക്ക്

### പുതുക്കിയ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.കെ. ജയചന്ദ്രൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻകാർഡുകൾ പുതുക്കി നൽകുമ്പോൾ എ.പി.എൽ. ബി.പി.എൽ. റേഷൻകാർഡുകൾക്ക് പകരം പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകളാക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എ.പി.എൽ, ബി.പി.എൽ. അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ അനുവദിക്കുന്നതും പ്രയോറിറ്റി അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ അനുവദിക്കുന്നതും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്; വിശദീകരണം നൽകാമോ? | (ബി) | ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി നിയമമനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകണം. നിലവിലെ എ.എ.വൈ., ബി.പി.എൽ. വിഭാഗത്തിലെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയുമാണ് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് അർഹതപ്പെട്ട ഏകദേശം 36 ലക്ഷം കുടുംബങ്ങൾക്കാണ് മുൻഗണനാ കാർഡുകൾ ലഭ്യമാവുക. |

Thulasi

സെക്ഷൻ ഓഫീസർ